"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം -മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. എസ്. ശെന്തിൽകുമാറിന്റെ മാതാവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1118/2022/LSGD തീയതി,തിരുവനന്തപുരം, 05-05-2022

---

പരാമർശം:-
1. മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. എസ്. ശെന്തിൽകുമാറിന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 08.02.2019തീയതിയിലെ ഡി.സി.1-744/2019 നമ്പർ കത്ത്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 08.06.2020തീയതിയിലെ (എൽ.ഡിസ്) എം.ആർ.5 68824/2019/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ.എസ്. ശെന്തിൽകുമാറിന്റെ മാതാവിന്റെ ക്യാൻസർ ചികിത്സയ്ക്ക് എറണാകുളം ലേക്ക് ഷോർ ആശുപത്രിയിൽ ചെലവായ തുക റീ ഇമ്പേഴ്സ്മെന്റ് ആയി അനുവദിക്കുന്നതിനുള്ള ടിയാന്റെ പരാമർശം 1 പ്രകാരമുള്ള അപേക്ഷ, സർക്കാരിന്റെ പ്രത്യേകാനുമതിക്ക് ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം ശ്രീ. എസ്. അലക്സാണ്ടറുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ 87829/- രൂപ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ.എസ്. ശെന്തിൽകുമാറിന്റെ മാതാവിന്റെ ക്യാൻസർ ചികിത്സയ്ക്ക് എറണാകുളം ലേക്ക് ഷോർ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന തുകയായ 87,829/- രൂപയുടെ 80% തുകയായ 70263/-രൂപ (എഴുപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) നിലവിലെ സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നഗരസഭയുടെ തനതുഫണ്ടിൽ നിന്ന് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, മാവേലിക്കര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.എസ്. ശെന്തിൽകുമാർ, സീനിയർ ക്ലാർക്ക്, മാവേലിക്കര നഗരസഭ (നഗരസഭ നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ